(ബി) പുതിയ റേഷൻ കടകൾ തുടങ്ങുന്നതിനായി കേന്ദ്ര സഹായം ലഭിക്കുന്നില്ല.

(സി) ബാധകമല്ല.

## സപ്ലൈകോ സ്ഥാപനങ്ങളിലെ താൽക്കാലിക ജീവനക്കാരെ ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി

187(4818) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ സ്ഥാപനങ്ങളിലെ താൽക്കാലിക ജീവനക്കാരെയും പാർക്കിംഗ് തൊഴിലാളികളെയും ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ജില്ലയിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; മറ്റു ജില്ലകളിൽ നടപ്പിലാക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) സപ്ലൈകോയുടെ കീഴിൽ ഇ.എസ്.ഐ. പരിധിയിൽ വരുന്ന സ്ഥലങ്ങളിലെ ഔട്ട്ലെറ്റുകളിൽ ജോലി ചെയ്യുന്ന എല്ലാ താൽക്കാലിക ജീവനക്കാരെയും പാഴ്സിംഗ് തൊഴിലാളികളെയും ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്. ഇ.എസ്.ഐ. പരിധിയിൽ വരാത്ത സ്ഥലങ്ങളിലുള്ള ഔട്ട്ലെറ്റുകളിൽ ജോലി ചെയ്യുന്ന മേൽപ്പറഞ്ഞ ജീവനക്കാരെ ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കൽ

188(4819) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുമ്പോൾ സംസ്ഥാനത്തിനും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്കും എന്തൊക്കെ പ്രയോജനമുണ്ടാകുമെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

നിലവിൽ ബി.പി.എൽ., എ.എ.വൈ. കാർഡുടമകളായ 20 ലക്ഷത്തോളം കുടുംബങ്ങൾക്കാണ് ആനുകൂല്യങ്ങൾ ലഭിക്കുന്നത്. ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാകുമ്പോൾ ഏകദേശം 30 ലക്ഷം കുടുംബങ്ങൾക്ക് മുൻഗണനാ കാർഡുകൾ പ്രകാരമുള്ള ആനുകൂല്യം ലഭിക്കും. പ്രതിമാസം അഞ്ച് കിലോ ഭക്ഷ്യധാന്യം മുൻഗണനാ കാർഡുടമയ്ക്ക് അവകാശമായി മാറുന്നു. അരി 3 രൂപാ നിരക്കിലും ഗോതമ്പ് 2 രൂപാ നിരക്കിലും ഇതര ഭക്ഷ്യധാന്യം 1 രൂപാ നിരക്കിലുമാണ് ലഭ്യമാകുന്നത്. ഭക്ഷ്യധാന്യം നൽകാൻ കഴിയാതെ വരികയാണെങ്കിൽ തുല്യമായ തുകയ്ക്ക് അവകാശമുണ്ടായിരിക്കും. പരാതികൾ പരിഹരിക്കുന്നതിനായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും കമ്മീഷനുകളുണ്ടാകും. കുടുംബത്തിലെ മുതിർന്ന വനിത കാർഡുടമയായിരിക്കും. ഇതു കൂടാതെ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും 6 മാസം മുതൽ 14 വയസ്സുവരെയുള്ള പോഷകാഹാര കുറവുള്ള കുട്ടികൾക്ക് പോഷക സമൃദ്ധമായ ഭക്ഷണം നൽകുന്നതിനും നിയമം വ്യവസ്ഥ ചെയ്യുന്നു.

**റേഷൻ കടകളുടെ സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണം**

189(4820) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളുടെ സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണ പദ്ധതി നടപ്പാക്കുന്നതിന് ഐക്യരാഷ്ട്ര സഭയുടെ സഹകരണം നേടാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിനായി വേൾഡ് ഫുഡ് പ്രോഗ്രാമുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത കരാർ വഴി ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) റേഷൻ കടകൾ ലാഭകരമാക്കാനുള്ള വിഷയം കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly